# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.611      29/01/2019-ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി

<table>
<tr><td></td><td>ചോദ്യം<br><br>ശ്രീ. എൻ .എ.നെല്ലിക്കുന്ന്</td><td></td><td>ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>കാസർഗോഡ് ഭാഗത്തുള്ള പ്രധാന സബ്സ്റ്റേഷനുകളായ വിദ്യാനഗർ, മുള്ളേരിയ, കുബനൂർ, മഞ്ചേശ്വരം എന്നീ 110 കെ.വി.സബ്സ്റ്റേഷനുകളിലേക്കും കാസർഗോഡ് ടൗൺ, അനന്തപുരം, പെർള, ബദിയഡുക്ക എന്നീ 33 കെ.വി.സബ്സ്റ്റേഷനുകളിലേക്കും ഏത് കെ.വി.സബ്സ്റ്റേഷനിൽ നിന്നാണ് വൈദ്യുതി ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;</td><td>(എ)</td><td>കാസർഗോഡ് ജില്ലയിലുള്ള താഴെപ്പറയുന്ന സബ്സ്റ്റേഷനുകളിൽ നിന്ന് വൈദ്യുതി ലഭ്യമാക്കുന്ന സബ്സ്റ്റേഷനുകളുടെ വിവരം താഴെ ചേർത്തിരിക്കുന്നു.
<table>
<tr><td>1</td><td>110 കെ.വി സബ്സ്റ്റേഷൻ, വിദ്യാനഗർ</td><td rowspan="6">220 കെ. വി. സബ്സ്റ്റേഷൻ , മൈലാട്ടി</td></tr>
<tr><td>2</td><td>110 കെ.വി സബ്സ്റ്റേഷൻ, മുള്ളേരിയ</td></tr>
<tr><td>3</td><td>33 കെ.വി സബ്സ്റ്റേഷൻ, കാസർഗോഡ് ടൗൺ</td></tr>
<tr><td>4</td><td>33 കെ.വി സബ്സ്റ്റേഷൻ, അനന്തപുരം</td></tr>
<tr><td>5</td><td>33 കെ.വി സബ്സ്റ്റേഷൻ പെർള</td></tr>
<tr><td>6</td><td>33 കെ.വി സബ്സ്റ്റേഷൻ, ബദിയടുക്ക</td></tr>
<tr><td>7</td><td>110 കെ.വി സബ്സ്റ്റേഷൻ, കുബനൂർ</td><td rowspan="2">110 കെ.വി സബ്സ്റ്റേഷൻ, കൊനാജെ (കർണ്ണാടക സപ്ലൈ)</td></tr>
<tr><td>8</td><td>110 കെ.വി സബ്സ്റ്റേഷൻ, മഞ്ചേശ്വരം</td></tr>
</table></td></tr>
</table>

(..2)

| | | | |
|---|---|---|---|
| (ബി) | മൈലാട്ടി സബ്സ്റ്റേഷനിൽ നിന്നാണെങ്കിൽ എത്ര വർഷം മുമ്പ് നിർമ്മിച്ച സർക്യൂട്ട് ലൈനിൽ കൂടിയാണ് വൈദ്യുതി എത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 220 കെ. വി. സബ്സ്റ്റേഷൻ, മൈലാട്ടിയിൽ നിന്നുള്ള 110 കെ. വി. ലൈൻ 1968-ൽ നിർമ്മിച്ചതാണ്. |
| (സി) | മൈലാട്ടി-വിദ്യാനഗർ 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈനിനെ ശക്തിപ്പെടുത്തി ഒരു ഡബിൾ സർക്യൂട്ട് ലൈൻ പുതിയതായി വലിച്ചാൽ കാസർഗോഡ് ജില്ല ഇന്നനുഭവിക്കുന്ന വൈദ്യുതി പ്രതിസന്ധിക്ക് പരിഹാരമാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (സി) | മൈലാട്ടി- വിദ്യാനഗർ 110 കെ.വി. സിംഗിൾ സർക്യൂട്ട് ലൈനിനെ ശക്തിപ്പെടുത്തി ഡബിൾ സർക്യൂട്ട് ലൈൻ വലിക്കാനുള്ള പദ്ധതിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കഴിഞ്ഞു. |

Apseny
സെക്ഷൻ ഓഫീസർ